15005
10/7/17



**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - 1964-ലെ സിരിമാവോ-ശാസ്ത്രി കരാർ പ്രകാരവും, 1974-ലെ സിരിമാവോ-ഇന്ദിരാഗാന്ധി കരാർ പ്രകാരവും, ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ വംശജർക്ക് സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(കൈ)നം.55/2017/പജ.പവ.വി.വ തിരുവനന്തപുരം, തീയതി: 06.07.2017

---

പരാമർശം:- 1) 17.07.2014 ലെ സ.ഉ.(കൈ)നം.43/2014/പജ.പവ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

2) 29.10.2014-ൽ ശ്രീ.കെ.സുന്ദരേശൻ, ശ്രീ.ടി.മണികണ്ഠൻ എന്നിവർ ബഹു: മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

1964-ലെ സിരിമാവോ-ശാസ്ത്രി കരാർ, 1974-ലെ സിരിമാവോ-ഇന്ദിരാഗാന്ധി കരാർ എന്നിവ പ്രകാരം, ശ്രീലങ്കയിൽ നിന്നും സംസ്ഥാനത്ത് പുനരധിവസിപ്പിക്കപ്പെട്ട ഇന്ത്യൻ വംശജർക്ക്, പുനരധിവാസ വേളയിൽ അവരുടെ ഫാമിലി കാർഡുകളിൽ, ഇന്ത്യൻ ഹൈക്കമ്മീഷണർ നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിച്ച് നൽകുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ വംശജരിൽ ഫാമിലി കാർഡിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലാത്തവർക്ക് സമുദായ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ഏറെ ബുദ്ധിമുട്ടുണ്ടാകുന്നതായി അറിയിച്ചും, തമിഴ്നാട്/കർണാടക സംസ്ഥാനങ്ങൾ പിന്തുടരുന്ന തരത്തിലുള്ള ലളിതമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടും പരാമർശം (2) പ്രകാരം നിവേദനം ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ വംശജർക്ക് ചുവടെ ചേർക്കും പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി സമുദായ സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) പട്ടികജാതി വിഭാഗങ്ങളുടെ ആനുകൂല്യം അവകാശപ്പെടുന്ന പുനരധിവസിക്കപ്പെട്ട വ്യക്തി, താൻ പ്രസ്തുത വിഭാഗത്തിൽപ്പെട്ടതാണെന്ന സത്യവാങ്മൂലം.

2) അപേക്ഷകൻ തങ്ങളുടെ സമുദായത്തിൽപ്പെട്ടയാളാണെന്നും ടിയാളെ തങ്ങളിൽ ഒരാളായി അംഗീകരിക്കുന്നതായും പ്രസ്തുത സമുദായത്തിൽ തന്നെയുള്ള അഞ്ചിൽ കുറയാത്ത അംഗങ്ങളുടെ സാക്ഷ്യപത്രം.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഉഷ.റ്റി.നായർ**
ജോയിന്റ് സെക്രട്ടറി.

To,

1) ലാന്റ്റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
3) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
4) ഡയറക്ടർ, കിർത്താഡ്സ്, ചേവായൂർ, കോഴിക്കോട് - 17.
5) എല്ലാ ജില്ലാ കളക്ടർമാർക്കും.
6) റവന്യൂ വകുപ്പ്.
7) സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

പകർപ്പ്:- 1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3) റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
4) തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5) വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
6) ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
7) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്.
8) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്.
9) പട്ടികജാതി വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
10) വെബ് ആന്റ് ന്യൂ മീഡിയ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.